**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 6675 01.11.2011 ൽ മറുപടിക്ക്

**താനൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) താനൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റി മുഖേന ഇപ്പോൾ പ്രവർത്തിച്ചു വരുന്നതും കെ.ഡബ്ള്യൂ.എ.യുടെ പരിഗണനയിൽ ഉള്ളതുമായ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | താനൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റി മുഖേന ഇപ്പോൾ പ്രവർത്തി നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ ഒന്നും തന്നെ ഇല്ല.<br><br>കെ.ഡബ്ള്യൂ.എ.യുടെ പരിഗണനയിൽ ഒരു പദ്ധതിയായ ഒഴൂർ പഞ്ചായത്തിനുവേണ്ടിയുള്ള 1350 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് രൂപരേഖ തയ്യാറാക്കി എസ്.എൽ.എസ്.എസ്.സി.യിലും നബാർഡിലും സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും എസ്.എൽ.എസ്.എസ്.സി. യിൽ അനുമതി ലഭിച്ചിരുന്നില്ല. പ്രൊപ്പോസൽ പഞ്ചായത്തു മുഖേന കേന്ദ്ര സർക്കാരിന്റെ മൈനോറിറ്റി അഫയേഴ്സ് മിനിസ്ട്രിയിൽ സമർപ്പിച്ച് അംഗീകാരം നേടുന്നതിനായി കമ്മിററി തീരുമാനിച്ചു. |
| (ബി) പദ്ധതികളുടെ പഞ്ചായത്തു തിരിച്ചുള്ള വിശദാംശങ്ങളും അവ ഓരോന്നിന്റെയും പ്രവർത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ; | | |
| (സി) രൂക്ഷമായ കുടിവെള്ള ക്ഷാമമനുഭവപ്പെടുന്ന മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ശുദ്ധജലമെത്തിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; | (സി) & (ഡി) | ഒഴൂർ പഞ്ചായത്തിനുവേണ്ടിയുള്ള 1350 ലക്ഷം രൂപയ്ക്കുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നല്കുമോ അവ നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ